പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4912 — 05.02.2014 - ൽ മറുപടിക്കുണ്ടായിരുന്നത്

<u>സാമൂഹ്യക്ഷേമ പദ്ധതികൾ</u>

ചോദ്യം — ഉത്തരം

ശ്രീ. പി.കെ ബഷീർ — ഡോ. എം.കെ. മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, അഗതികൾ, വികലാംഗർ, വൃദ്ധർ ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, അഗതികൾ, വികലാംഗർ, വൃദ്ധർ ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. തന്റേടം ജൻഡർ പാർക്ക്<br>2. നിർഭയ പദ്ധതി<br>3. ഗവൺമെന്റ് - സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പ്<br>4. എന്റെ കൂട് പദ്ധതി<br>5. വനിതകൾക്കായുള്ള അഭയ കേന്ദ്രങ്ങൾ<br>ഈ സർക്കാർ അധികാരമേറ്റ ശേഷം സ്ത്രീകൾ, കുട്ടികൾ, അഗതികൾ, വികലാംഗർ, വൃദ്ധർ തുടങ്ങിയവരുടെ ക്ഷേമത്തിനായി ആരംഭിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1. ശ്രുതിതരംഗം പദ്ധതി<br>2. സ്നേഹപൂർവ്വം<br>3. സമാശ്വാസം പദ്ധതി<br>4. ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ<br>5. സ്റ്റേറ്റ് ഇൻഷ്യറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്(എസ് ഐ ഡി)<br>6. സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി<br>7. സ്പെഷ്യൽ സമാശ്വാസം |

| | | |
|---|---|---|
| (ബി) | ഓരോ ക്ഷേമപദ്ധതികളുടേയും വിശദാംശങ്ങളും അർഹത, മാനദണ്ഡങ്ങൾ, അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത് എന്നീ വിവരങ്ങളും ലഭ്യമാക്കുമോ? | 1.തന്റേടം ജെന്റർ പാർക്ക്<br>സ്ത്രീ ശാക്തീകരണത്തിനും സ്ത്രീ കേന്ദ്രീകൃതമായ സർഗാത്മ പ്രവർത്തനങ്ങൾക്കുള്ള ഒരു റിസോഴ്സ് സെന്ററാണിത്. കോഴിക്കോട് ജില്ലയിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>2.നിർഭയ പദ്ധതി<br>സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുമെതിരെ പീഡനങ്ങൾ തടയാനും പീഡനത്തിന് ഇരയായവർക്ക് സുരക്ഷയും, അഭയവും, കൗൺസിലിംഗും, പുനരധിവാസവും നൽകുന്നു.<br>3.ഗവൺമെന്റ് - സിവിൽ സൊസൈറ്റി പാർട്ട്ണർഷിപ്പ്<br>സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട നടത്തിപ്പിനു വേണ്ടി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികൾ, സാമൂഹ്യ സംഘടനകൾ, കോർപ്പറേറ്റ് എന്നിവയുടെ പങ്കാളിത്തം സ്വീകരിക്കുന്നതിനു വേണ്ടിയുള്ള നയരൂപീകരണം നടത്തിയിട്ടുണ്ട്.<br>4.എന്റെ കൂട് പദ്ധതി<br>സർക്കാർ - സർക്കാരി ഇതര ഓർഗനൈസേഷനുകൾ, വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സഹായത്തോടെ അഗതികൾക്ക് താമസം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കി അവർക്കുള്ള ഒരു അഭയകേന്ദ്രം തുടങ്ങാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.<br>5.വനിതകൾക്കായുള്ള അഭയകേന്ദ്രങ്ങൾ<br>കുടുംബത്തിൽ നിന്ന് അതിക്രമങ്ങൾ നേരിടുന്ന 18 വയസ്സിനു മേൽ പ്രായമുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയ കേന്ദ്രങ്ങൾ ജില്ലകൾ തോറും സ്ഥാപിക്കുന്ന ഒരു നൂതന പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ, അർഹത, മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പിക്കേണ്ട വിധം എന്നിവ ചുവടെ ചേർക്കുന്നു.

1. <u>ശ്രുതിതരംഗം പദ്ധതി</u>

ബധിര മൂകരായ കുട്ടികളെ വളരെ ചെറുപ്പത്തിൽ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ വൈകല്യം മാറ്റുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി.

<u>അർഹത</u>

0-3 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

<u>മാനദണ്ഡങ്ങൾ</u>

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ റീജിയണൽ ടെക്നിക്കൽ കമ്മിറ്റി/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റികളുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.
2. കുടുംബ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെ മാത്രമായിരിക്കണം.
3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.
4. ശ്രുതിതരംഗം പദ്ധതിക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കോക്ലിയാർ ഇംപ്ലാന്റേഷന് ശുപാർശ ചെയ്യുവരായിരിക്കണം. കുട്ടിക്ക് കോക്ലിയാർ ഇംപ്ലാന്റേഷന്റെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റ പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
5. കുട്ടികളുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടു നിൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

| | | | |
|---|---|---|---|
| | | | 6.ശ്രുതിതരംഗം പദ്ധതിയെപ്പറ്റി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള സത്യവാംങ്മൂലം 100 രൂപ മുദ്രപത്രത്തിൽ നൽകണം.<br>അപേക്ഷ സമർപ്പിക്കുന്ന വിധം<br>പൂരിപ്പിച്ച അപേക്ഷ നേരിട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആഫീസിൽ നൽകാവുന്നതാണ്.<br>2.സ്നേഹപൂർവ്വം<br>മാതാപിതാക്കൾ രണ്ടുപേരും മരിച്ചു പോവുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടിളെ സംരക്ഷിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന കുടുംബത്തിലെ കുട്ടികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.<br>അർഹത<br>മാതാപിതാക്കൾരണ്ടുപേരും മരിച്ചു പോവുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുകയും ചെയ്യുന്ന കുടുംബത്തിലെ 1 മുതൽ ഡിഗ്രി / പ്രൊഫഷണൽ ക്ലാസ്സുകളിൽ സർക്കാർ സ്കൂളുകൾ/കോളേജിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.<br>മാനദണ്ഡങ്ങൾ<br>1. ദരിദ്ര കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികളാവണം.<br>2. വരുമാന പരിധി നഗരങ്ങളിൽ 22,375/- വരെയും പഞ്ചായത്തുകളിൽ 20,000/- രൂപ വരെയും ഉള്ളവരാകണം.<br>3. 5 വയസ്സിനു താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ് നൽകണം.<br>4. മാതാവിന്റേയോ പിതാവിന്റെയോ മരണ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നൽകണം.<br>5. ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ കോപ്പി/ വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്. |

| | | |
|---|---|---|
| | | 6. നിലവിലെ രക്ഷകർത്താവിന്റെയും കുട്ടിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം<br>7. ജനപ്രതിനിധി നൽകുന്ന സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകണം.<br>8. വിദ്യാഭാസ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം നൽകണം.<br><u>അപേക്ഷ സമർപ്പിക്കുന്ന വിധം</u><br>പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം നേരിട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആഫീസിൽ നൽകാവുന്നതാണ്.<br>3. <u>സമാശ്വാസം പദ്ധതി</u><br>സംസ്ഥാനത്ത് വൃക്ക തകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് ചെറിയൊരാശ്വാസം എന്ന നിലയിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സമാശ്വാസം<br><u>അർഹത</u><br>വൃക്കതകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.<br><u>മാനദണ്ഡങ്ങൾ</u><br>1. രോഗി പ്രതിമാസം ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/ സ്വകാര്യ ആശുപത്രിയിലെ വൃക്ക രോഗ വിദഗ്ദ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് വേണം.<br>2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻ കാർഡിന്റെ കോപ്പിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.<br>3. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം<br><u>അപേക്ഷ സമർപ്പിക്കുന്ന വിധം</u><br>പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ശിശുവികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| | | 4. <u>ഔർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ</u><br>കുട്ടികളിൽ മയക്കമരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗത്താൽ സാമൂഹ്യ വിരുദ്ധ മനോഭാവവും കുറ്റകൃത്യങ്ങളും ധാരാളമായി സമൂഹത്തിൽ നടന്നുവരുന്നു. ഇത് തടഞ്ഞ് ഇവരെ സന്മാർഗികളായി കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടുകൂടി വിദ്യാഭാസ വകുപ്പിനേയും, ആഭ്യന്തര വകുപ്പിനേയും, പൊതുസമൂഹത്തിനേയും കൂട്ടിയിണക്കിക്കൊണ്ട് നടപ്പാക്കി വരുന്ന പദ്ധതിയാണിത്.<br>5. <u>സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ് ഐ ഡി)</u><br>വൈകല്യം തടയുന്നതിനായി പ്രാരംഭ നിർണ്ണയം, പ്രാരംഭഇടപെടൽ, വിദ്യാഭാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കി സർക്കാർ പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണിത്.<br>6. <u>സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി</u><br>കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ ആശ്വാസ കിരണം പദ്ധതിയിലുൾപ്പെടുത്തി 700/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് വരുന്നു.<br><u>അർഹത</u><br>കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടയാളെ പരിചരിക്കുന്നവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.<br><u>മാനദണ്ഡങ്ങൾ</u><br>1. കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്നവരായിരിക്കണം. |

2. വരുമാന പരിധി ബാധകമല്ല.
3. പരിചരണം ആവശ്യമുള്ള രോഗി എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ച് അവശത അനുഭവിക്കുന്നതാണെന്നുമുള്ള സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.

<u>അപേക്ഷ സമർപ്പിക്കുന്ന വിധം</u>

പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ശിശുവികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

<u>7. സ്പെഷ്യൽ സമാശ്വാസം</u>

സംസ്ഥാനത്ത് വൃക്ക /കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായ 1 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1000/- രൂപ നൽകുന്ന പദ്ധതിയാണിത്.

<u>അർഹത</u>

വൃക്ക/ കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവെയ്ക്കപ്പെട്ട രോഗികൾക്കായിരിക്കും പദ്ധതി ആനുകൂല്യം ലഭിക്കുക.

<u>മാനദണ്ഡങ്ങൾ</u>

1. വൃക്ക / കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായി തുടർചികിത്സാ ആവശ്യമുള്ളവരാണെന്ന് വൃക്ക'/ കരൾ രോഗ വിദഗ്ദ്ധർ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
2. വൃക്ക / കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷകാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.
3. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ളവരായിരിക്കണം
4. മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കും.
5. അപേക്ഷകന്റെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

<u>അപേക്ഷ സമർപ്പിക്കുന്ന വിധം</u>

പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ശിശുവികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ